(ബി) ഓരോന്നിന്റെയും വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) 2014-2015 വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി അനുവദിച്ചിരുന്ന തുക എത്ര; അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ തസ്രാക്കിലെ ഒ.വി. വിജയൻ സ്മാരകം, ലക്കിടിയിലെ കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നീ സാംസ്കാരിക സ്ഥാപനങ്ങളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി 60,99,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ലക്ഷം രൂപ ചുറ്റുമതിൽ നിർമ്മാണത്തിനും 10 ലക്ഷം രൂപ ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിനും വിനിയോഗിച്ചിട്ടുണ്ട്. സ്ഥാപനം ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചു

പാലക്കാട് ഒ.വി. വിജയൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,05,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2011-12-ൽ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് 50 ലക്ഷം രൂപയും 2012-13-ൽ പത്തായപ്പുരയുടെ പുനരുദ്ധാരണം, പടിപ്പുര നിർമ്മാണം മുതലായവയ്ക്ക് 5.50 ലക്ഷം രൂപയും 2014-15-ൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

(സി) 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി അനുവദിച്ച 40.95 കോടി രൂപയിൽ ബഡ്ജറ്റ് രേഖകൾ പ്രകാരം 37.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സി-ഡിറ്റിലെ ജീവനക്കാർ

66 (2897) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും തൊഴിലുറപ്പും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സഭയും മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ നിലവിൽ സ്ഥിരം, കരാർ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ഉണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര പേരെ കരാർ, ഡോക്കറ്റ്, ടെയിനി വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്; ഇവരുടെ പേര്, നിയമനം നൽകിയ തീയതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി-ഡിറ്റിൽ നിലവിൽ 99 സ്ഥിരം ജീവനക്കാരും 197 കരാർ ജീവനക്കാരുമാണ് ഉള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ ടെയിനി വ്യവസ്ഥയിൽ നിയമിച്ചവരുടെ പേരു വിവരം അനുബന്ധം I* ആയും കരാർ വ്യവസ്ഥയിൽ നിയമിച്ചവരുടെ പേരു വിവരം അനുബന്ധം II* ആയും ചേർത്തിരിക്കുന്നു. ഡോക്കറ്റ് വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല.

പി. ആർ.ഡി.യ്ക്ക് വകയിരുത്തിയ തുക

67 (2898) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ പി.ആർ. ഡി.-യ്ക്ക് വകയിരുത്തിയ തുക എത്രയാണ്;

(ബി) നാളിതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) സംസ്ഥാന സർക്കാർ പരസ്യങ്ങൾക്ക് ഈ വർഷം ഇതുവരെ ചെലവഴിച്ച തുകയെത്ര;

(ഡി) ചെലവഴിച്ച തുക മുഴുവനും നൽകാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) 2015-16-ൽ പി.ആർ.ഡി.-യ്ക്ക് 82,98,21,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) നാളിതുവരെ 29,53,16,282 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ പരസ്യങ്ങൾക്ക് ഈ വർഷം ഇതുവരെ 19,85,01,448 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ചെലവഴിച്ച തുക മുഴുവനും നൽകാൻ കഴിഞ്ഞിട്ടുണ്ട്.

വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

68 (2899) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിന് വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly